"ഭരണഭാഷ - മാതൃഭാഷ"

നം.എ1/13388/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 31/12/2021.
ഫോൺ - 0471-2580513
ഇ-മെയിൽ - supdta@kerala.gov.in

## സർക്കുലർ-II

വിഷയം: പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - 2021-22 അദ്ധ്യയന വർഷം അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1) 02.12.2021 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ.
2) 24.12.2021 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 27/2021/പൊ.വി.വ.
3) 02.12.1991 ലെ സർക്കാർ ഉത്തരവ് നമ്പർ 36/1991/ പി&എ.ആർ.ഡി.
4) 25.02.2017 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 03/2017/ ഉ.ഭ.പ.വ.
5) 23.08.2012 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 42/2012/ ഉ.ഭ.പ.വ.

*********

മേൽ സൂചന (1) പ്രകാരം 2021-22 വർഷത്തെ പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ, ഭാഷാദ്ധ്യാപകർ എന്നിവരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചിരുന്നു. സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) സർക്കാർ കത്തിലെ നിർദ്ദേശ പ്രകാരം നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ചുവടെ ചേർക്കുന്നു.

അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുള്ള നിശ്ചിത ശതമാനം ഒഴിവുകൾ താഴെ പറയും വിധം നികത്തുന്നതാണ്.

(a) 60% ജനറൽ സീനിയോറിറ്റി.

(b) 20% പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിന്

(c) 20% സഹതാപാർഹ സ്ഥലംമാറ്റത്തിനായി പരിഗണിക്കേണ്ടവർക്ക്

അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഈ ഉത്തരവ് വെബ്സൈറ്റിൽ നൽകുകയും അദ്ധ്യാപകർക്ക് ഇവ ഡൗൺലോഡ് ചെയ്ത് റിലീവ് ചെയ്യുന്നതിനായി ഉപയോഗിക്കാവുന്നതുമാണ്. എന്നിരുന്നാലും വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് ബന്ധപ്പെട്ട അദ്ധ്യാപകർക്കും പ്രധാനാദ്ധ്യാപകർക്കും രജിസ്റ്റേർഡ് തപാൽ മുഖേന നിർബന്ധമായും അയയ്ക്കേണ്ടതും സ്ഥലംമാറ്റം അനുവദിച്ച് അദ്ധ്യാപകരെ ഉത്തരവ് തീയതി മുതൽ 14 ദിവസത്തിനകം വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം നടപടി ഉത്തരവിൽ സൂചിപ്പിക്കേണ്ടതും

പ്രധാനാദ്ധ്യാപകൻ ഇപ്രകാരം ചെയ്തിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പു വരുത്തേണ്ടതുമാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച് പുതിയ ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന അദ്ധ്യാപകർ ആ ജില്ലയിലെ ജൂനിയർമോസ്റ്റ് അദ്ധ്യാപകന്റെ ജൂനിയർ ആയിരിക്കും എന്ന വ്യവസ്ഥ നിലനിർത്തി അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന എല്ലാ വിഭാഗത്തിലെയും അധ്യാപകരെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ **31/01/2022** ന് റിലീവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ സ.ഉ.(പി) നമ്പർ 42/2012/ഉ.ഭ.പ.വ. തീയതി 23.08.2012 അനുസരിച്ച് പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷൻ ആരംഭിച്ച് പൂർത്തി യാക്കേണ്ടതാണ്.

ഓരോ ജില്ലകളിലെയും ഓരോ തസ്തികകളിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് നിശ്ചിത മാതൃകയിൽ **01/01/2022** ന് വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

ആക്ഷേപങ്ങൾ പൂർണ്ണമായി പരിഹരിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി 03/01/2022 വരെ ആയിരിക്കും. തുടർന്നുള്ള നടപടി ക്രമങ്ങളുടെ സമയം താഴെ പറഞ്ഞിരിക്കും പ്രകാരം നിശ്ചയിച്ച് ചുവടെ ചേർക്കുന്നു.

- ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അവസാന തീയതി **05/01/2022.**
- താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുവാൻ അനുവദിച്ചിരിക്കുന്ന സമയപരിധി **06/01/2022** മുതൽ **07/01/2022** വരെ.
- ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തീയതി **10/01/2022.**

അന്തർജില്ല സ്ഥലംമാറ്റം ലഭിക്കുന്ന എല്ലാ വിഭാഗം അദ്ധ്യാപകരേയും **31/01/2022** ന് റിലീവ് ചെയ്യാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ശ്രദ്ധിക്കേണ്ടതാണ്. സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്.

**സി.എ. സന്തോഷ്**
പെൻ - 362891
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർ (അധിക ചുമതല)

<u>പകർപ്പ്</u>

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KITE പൂജപ്പുര, തിരുവനന്തപുരം.
3. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന.
4. എല്ലാ പ്രധാനാദ്ധ്യാപകർക്കും.
5. എ3/എ5/എ6 സെക്ഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
6. കരുതൽ ഫയൽ